**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സംസ്ഥാനത്തിന്റെ പ്രത്യേക ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ആസ്തികളും തൊഴിൽ ദിനങ്ങളും ഒരുപോലെ സൃഷ്ടിക്കുന്നതിന് സഹായകരവുമായ പ്രവൃത്തികൾ കണ്ടെത്തുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാ.ധാ)നം. 2969/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 31.10.2016**

========================================================================

പരാമർശം: 1. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിലിന്റെ 18- മത് യോഗത്തിലെ തീരുമാനം

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 01.09.2016 ലെ 1489/ഇ.ജി.എസ്.എ./16/ആർ.ഇ.ജി.എസ്(4) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിലിന്റെ പതിനെട്ടാമത് യോഗം സംസ്ഥാനത്തിന്റെ പ്രത്യേക ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ആസ്തികളും തൊഴിൽ ദിനങ്ങളും ഒരുപോലെ സൃഷ്ടിക്കുന്നതിന് സഹായകരവുമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനും ഒരു സമിതിയെ രൂപീകരിക്കുന്നതിന് തീരുമാനിച്ച വിവരം പരാമർശം (2) മുഖേന മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളത്.

i) രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ലഭ്യമായ ഭൂമിയുടെ അളവ് കുറവാണ്. എന്നാൽ താരതമ്യേന കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് കേരളം. ഇക്കാരണത്താൽ സംസ്ഥാനത്ത് പൊതുഭൂമിയുടെ ലഭ്യത കുറവാണ്. ഇക്കാരണത്താൽ തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോൾ അനുവദനീയമായ പല പ്രവൃത്തികളും സംസ്ഥാനത്ത് ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സംസ്ഥാനത്തെ ദീർഘമേറിയ തീരപ്രദേശങ്ങളിലും, മലയോരങ്ങളിലെ തോട്ടം മേഖലയിലും ഇപ്പോൾ തൊഴിലാളികളുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തികൾ കണ്ടെത്തുന്നതിന് പഞ്ചായത്തുകൾ നന്നേ ബുദ്ധിമുട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇരുപത്തിമൂന്ന് ലക്ഷം സജീവ തൊഴിലാളികൾക്ക് (Active Workers) തൊഴിൽ ലഭിക്കുന്നതിനുവേണ്ടി കൂടുതൽ മനുഷ്യാദ്ധ്വാനം ആവശ്യമുള്ള പ്രവൃത്തികൾ കണ്ടെത്തുക.

ii) സംയോജിത നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ പദ്ധതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ പ്രത്യേക ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ആസ്തികളും തൊഴിൽ ദിനങ്ങളും ഒരുപോലെ സൃഷ്ടിക്കുന്നതിന്

സഹായകരവുമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി താഴെപ്പറയുന്ന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ഡോ. സി.പി. വിനോദ്
2. ഡോ. എൻ.കെ. ശശിധരൻ പിള്ള
3. ശ്രീ. വി.കെ. മധു, എസ്.
4. ഡോ. ടി.എൻ. സീമ

4. സമിതിയ്ക്ക് ആവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുന്നത് സംസ്ഥാന തൊഴിലുറപ്പ് മിഷനിലെ പ്രോഗ്രാം ഓഫീസറുടെ (പി.,എം & ഇ) ചുമതലയായിരിക്കും.

5. സമിതി 60 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. യോഗത്തിൽ പങ്കെടുക്കുന്നതിന് സമിതി അംഗങ്ങൾക്ക് അനുവദനീയമായ യാത്രാപ്പടി/ദിനബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ആർ.ദിലീപ് കുമാർ
അഡീഷണൽ സെക്രട്ടറി

To

1. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
2. എല്ലാ സമിതി അംഗങ്ങൾക്കും(മിഷൻ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.
6. കളക്ടർ, EKM

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ